# കൃഷി വിജ്ഞാന കേന്ദ്രം – ആലപ്പുഴ

# ICAR-KRISHI VIGYAN KENDRA - ALAPPUZHA

ICAR-കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം (പ്രാദേശിക കേന്ദ്രം), കായംകുളം
കൃഷ്ണപുരം – 690 533, കേരളം

## വാർത്താപത്രിക NEWSLETTER

OCTOBER - DECEMBER 2018 / ഒക്ടോബർ – ഡിസംബർ 2018

Vol. 16 (4) / വാല്യം 16 (4)


### ഉള്ളടക്കം


- കാർഷിക സംസ്ക്കരണ പരിശീലന – ഇൻകുബേഷൻ സെന്റർ ശിലാസ്ഥാപനം
- ലോക മണ്ണ് ദിനാഘോഷം
- നാളീകേര കർഷക ജില്ലാതല സെമിനാർ
- വനിതാ കർഷക ദിനാഘോഷം
- അംഗനവാടികളിൽ പോഷക ത്തോട്ട നിർമ്മാണം
- കൂടുകളിലെ കരിമീൻ കൃഷി വിളവെടുപ്പ്
- കരനെൽകൃഷി കൊയ്ത്തുത്സവം
- വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ


കെ.വി.കെ.യുടെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് അറിയാൻ ഈ QR CODE സ്കാൻ ചെയ്യു.


കെ. വി. കെ. യുമായി ബന്ധപ്പെടാൻ...

ഹെഡ്,
കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ,
സി.പി.സി.ആർ.ഐ.(ആർ.എസ്.),
കായംകുളം, കൃഷ്ണപുരം പി.ഒ.–690533.
ഫോൺ/ഫാക്സ്: 0479 2449268

Email: kvkalapuzha@gmail.com
www.kvkalappuzha.org


# കാർഷിക സംസ്ക്കരണ പരിശീലന - ഇൻകുബേഷൻ സെന്റർ ശിലാസ്ഥാപനം



സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ കൃഷി വിജ്ഞാന കേന്ദ്രത്തിൽ സ്ഥാപിക്കുന്ന കാർഷിക സംസ്ക്കരണ പരിശീലന-ഇൻകുബേഷൻ കേന്ദ്രത്തിന്റെ ശിലാസ്ഥാപനം 2018 നവംബർ 23 ന് ബഹു. സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ നിർവ്വഹിച്ചു. കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ കൂടുതൽ കർഷകരേയും യുവതീ യുവാക്കളേയും സംരംഭകരാക്കി മാറ്റുക എന്നതാണ് ഈ കേന്ദ്രത്തിന്റെ ലക്ഷ്യം. ഇത് പ്രവർത്തന ക്ഷമമാകുന്നതോടെ ആധുനിക ഭക്ഷ്യ സംസ്ക്കരണ ഉപകരണങ്ങളുടെ സഹായത്തോടെ പരിശീലനങ്ങൾ നടത്തുന്നതിനും കർഷകർക്ക് അവരുടെ ഉത്പന്നങ്ങൾ ഈ കേന്ദ്രത്തിന്റെ സഹായത്തോടെ നിർമ്മിക്കുന്നതിനും സാധിക്കും.

അഡ്വ. യു. പ്രതിഭ എം.എൽ.എയുടെ അദ്ധ്യക്ഷതയിൽ കൂടിയ ശിലാസ്ഥാപന യോഗത്തിൽ കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ പദ്ധതി വിശദീകരിച്ചു. ബംഗളുരു അട്ടാരി (ATARI) ഡയറക്ടർ ഡോ. എം. ജെ. ചന്ദ്രഗൗഡ മുഖ്യപ്രഭാഷണം നടത്തി. കാസറഗോഡ് കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം മേധാവി ഡോ. പി.ചൗഡപ്പ, കായംകുളം മുനിസിപ്പൽ കൗൺസിലർ ശ്രീ. കെ.കെ. അനിൽകുമാർ, ഓണാട്ടുകര വികസന ഏജൻസി വൈസ് ചെയർമാൻ ശ്രീ. എൻ. സുകുമാരപിള്ള, ജില്ലാ കൃഷി ഓഫീസർ ശ്രീമതി. ബീനാ നടേശൻ, ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി. ഫസീലാബീഗം, സി.പി.സി.ആർ.ഐ., കായംകുളം പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി. കൃഷ്ണകുമാർ എന്നിവർ സംസാരിച്ചു. ഇതോടനുബന്ധിച്ച് നടന്ന കാർഷിക സെമിനാറിൽ കിഴങ്ങുവർഗ്ഗങ്ങൾ, നാളീകേരം, ജാതി എന്നിവയിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണത്തെക്കുറിച്ച് ഡോ. എം.എസ്. സജീവ് (ICAR-CTCRI, ശ്രീകാര്യം), ഡോ. എം. ആർ. മണികണ്ഠൻ (ICAR-CPCRI, കാസറഗോഡ്), ശ്രീമതി. എലിസബത്ത് ജോർജ്ജ് (ICAR-KVK, കോട്ടയം) എന്നിവർ ക്ലാസ്സുകൾ നയിച്ചു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള 200ഓളം കർഷകരും സംരംഭകരും ഉദ്യോഗസ്ഥരും പരിപാടികളിൽ പങ്കെടുത്തു. കെ.വി.കെയിൽ നിന്നും പരിശീലനം നേടിയ 12ഓളം സംരംഭകരുടെ ഉത്പന്നങ്ങളുടെ പ്രദർശനവും തദവസരത്തിൽ സംഘടിപ്പിച്ചിരുന്നു.



# ലോക മണ്ണ് ദിനാഘോഷം




നല്ല കാർഷിക മുറകൾ അനുവർത്തിക്കുന്നതിലൂടെയും പ്രകൃതി വിഭവങ്ങളുടെ സംരക്ഷണത്തിലൂടെയും മണ്ണ് മലിനീകരണത്തിന് പോംവഴി കണ്ടെത്താം എന്ന സന്ദേശത്തെ മുൻനിർത്തി ജില്ലാ കൃഷി വിജ്ഞാന കേന്ദ്രം, കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സഹകരണത്തോടെ 2018 ഡിയംബർ 5-ാം തീയതി എടത്വ പഞ്ചായത്തിൽ സംഘടിപ്പിച്ചു. പഞ്ചായത് പ്രസിഡന്റ് ശ്രീമതി. ആനി ഈപ്പൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ ആലപ്പുഴ ജില്ലാ പഞ്ചായത്തംഗം ശ്രീമതി. ബിനു ഐസക്ക് രാജു ദിനാഘോഷം ഉദ്ഘാടനം ചെയ്യുകയും തിരഞ്ഞെടുത്ത കർഷകർക്ക് മണ്ണ് പരിപോഷണ കാർഡുകൾ വിതരണം ചെയ്യുകയും ചെയ്തു. മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ തെങ്ങ്, നെല്ല്, വാഴ, കിഴങ്ങ് വർഗ്ഗങ്ങൾ, പച്ചക്കറി തുടങ്ങിയ വിളകൾക്കാവശ്യമായ വളപ്രയോഗ ശുപാർശയും കർഷകർക്ക് ലഭ്യമാക്കി. ഇതോടനുബന്ധിച്ച് നടന്ന സെമിനാറിൽ "പ്രളയാനന്തര മണ്ണ് പരിപാലന മുറകൾ", "തെങ്ങിലെയും നെല്ലിലെയും സംയോജിത വിള പരിപാലനം" എന്നീ വിഷയങ്ങളിൽ ക്ലാസ്സുകളും ചർച്ചകളും നടന്നു. ചമ്പക്കുളം കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. രമാദേവി, കെ.വി.കെ. സാങ്കേതിക വിദഗ്ദ്ധരായ ഡോ. ടി. ശിവകുമാർ, ഡോ. കെ. സജ്നാനാഥ്, ശ്രീ. എം.എസ്. രാജീവ്, കൃഷി ഓഫീസർമാരായ ശ്രീമതി. നിവേദിത എം.എസ്, ശ്രീമതി. ഐശ്വര്യ എന്നിവരും 90 ഓളം കർഷകരും പ്രസ്തുത പരിപാടികളിൽ പങ്കെടുത്തു.

# നാളീകേര കർഷക ജില്ലാതല സെമിനാർ




കൊച്ചിയിലെ നാളീകേര വികസന ബോർഡുമായി ചേർന്ന് "ശാസ്ത്രീയ നാളീകേര കൃഷിയും മൂല്യവർദ്ധനവും" എന്ന വിഷയത്തിൽ ഒരു ജില്ലാതല ഏകദിന സെമിനാർ 2018 ഒക്ടോബർ 10ന് ആലപ്പുഴ ജില്ലാ പഞ്ചായത്ത് ഹാളിൽ സംഘടിപ്പിച്ചു. ഉദ്ഘാടന പ്രസംഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ജി വേണുഗോപാൽ പ്രളയാനന്തരം ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന നാളീകേരാധിഷ്ഠിത പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു. നാളീകേര വികസന ബോർഡംഗം ശ്രീ. പി.ആർ. മുരളീധരൻ, ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ബീനാ നടേശൻ ആത്മ ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ ശ്രീ. ജി. ആർ. രാധാകൃഷ്ണൻ, നാളീകേര വികസന ബോർഡ് ടെക്നിക്കൽ ഓഫീസർ ശ്രീമതി. വിൻസി വർഗ്ഗീസ് എന്നിവർ ചടങ്ങിൽ സംസാരിച്ചു. കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ നയിച്ച കാർഷിക സെമിനാറിൽ സാങ്കേതിക വിദഗ്ദ്ധരായ ശ്രീ. എം.എസ്. രാജീവ്, ശ്രീമതി. ജിസ്സി ജോർജ്ജ്, ഡോ. ടി. ശിവകുമാർ, ശ്രീമതി. ജി.ലേഖ, ഡോ. കെ. സജ്നാനാഥ് എന്നിവർ വിഷയങ്ങൾ അവതരിപ്പിച്ചു. ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 100 ഓളം നാളീകേര കർഷകർ സെമിനാറിൽ സജീവമായി പങ്കെടുത്തു.

# വനിതാ കർഷക ദിനാഘോഷം




കേന്ദ്ര കൃഷി-കർഷക ക്ഷേമ വകുപ്പിന്റെ ആഹ്വാന പ്രകാരം 2018 ഒക്ടോബർ 15-ാം തീയതി വനിതാ കർഷക ദിനമായി കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആഘോഷിച്ചു. കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. ബി. വിജയമ്മയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ വച്ച് ബഹു. കായംകുളം എം.എൽ.എ അഡ്വ. യു. പ്രതിഭ ദിനാഘോഷം ഉദ്ഘാടനം ചെയ്തു. കാർഷിക രംഗത്ത് മികവ് തെളിയിച്ച വനിതാ കർഷകരായ ശ്രീമതി. തങ്കമ്മ സരസൻ (വിള പരിപാലനം), ശ്രീമതി. ശോഭന ലാജി (ക്ഷീരോത്പാദനം) ശ്രീമതി. ഹബീബ ഷാജഹാൻ (സംയോജിത കൃഷി), ശ്രീമതി. ഗിരിജാ പ്രസാദ് (കൂൺ കൃഷി), ശ്രീമതി. ശ്രീകല (മൂല്യ വർദ്ധിത ഉത്പന്ന നിർമ്മാണം) എന്നിവരെ ചടങ്ങിൽ ബഹു. എം.എൽ.എ ആദരിച്ചു. ജില്ലാ പഞ്ചായത്തംഗം കുമാരി. അരിതാ ബാബു,



തോട്ടവിള ഗവേഷണ സ്ഥാപനം പ്രാദേശിക കേന്ദ്രം മേധാവി ഡോ. വി. കൃഷ്ണകുമാർ, കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ, കെ.വി.കെയിലെ സാങ്കേതിക വിദഗ്ദ്ധ ശ്രീമതി. ജിസ്സി ജോർജ്ജ് തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. തുടർന്ന് വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന സ്ത്രീ സൗഹൃദ പദ്ധതികളെക്കുറിച്ച് ശ്രീമതി. ലതാ. ജി. പണിക്കർ (കൃഷി വകുപ്പ്), ഡോ. ഡി. ബീന (മൃഗസംരക്ഷണ വകുപ്പ്), ശ്രീമതി. വി.അമ്പിളി (വ്യവസായ വകുപ്പ്) എന്നിവർ വിശദീകരിച്ചു.

ഇതോടനുബന്ധിച്ച് വാഴപ്പഴം/പച്ചക്കായിൽ നിന്നും തയ്യാറാക്കാവുന്ന ലഘു ഭക്ഷണങ്ങൾ അടിസ്ഥാനമാക്കി ഒരു പാചക മത്സരവും സംഘടിപ്പിച്ചിരുന്നു. 25 ഓളം വനിതകൾ ലഘുഭക്ഷണങ്ങൾ തയ്യാറാക്കി മത്സരത്തിൽ പങ്കെടുത്തു. വനിതാ കർഷകർ, സംരംഭകർ, ഉദ്യോഗസ്ഥർ തുടങ്ങി നൂറോളം പേർ വനിതാ കർഷക ദിനാഘോഷങ്ങളിൽ പങ്കെടുത്തു.

## അംഗനവാടികളിൽ പോഷകത്തോട്ട നിർമ്മാണത്തിന് തുടക്കം കുറിച്ചു



ജില്ലാ കൃഷി വിജ്ഞാനകേന്ദ്രം 2018-19 സാമ്പത്തിക വർഷത്തിൽ താമരക്കുളം പഞ്ചായത്തിലെ 27 അംഗനവാടികളിൽ നടത്തുന്ന പോഷകത്തോട്ട നിർമ്മാണത്തിന്റെ ഔപചാരിക ഉദ്ഘാടനം 2018 നവംബർ 5-ാം തീയതി താമരക്കുളം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. വി. ഗീത പച്ചക്കറി തൈകൾ അംഗനവാടി ടീച്ചർ ശ്രീമതി. മീനാകുമാരിക്ക് കൈമാറിക്കൊണ്ട് നിർവ്വഹിച്ചു. പദ്ധതി വിശദീകരണം നടത്തിയ കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ അംഗനവാടി കുട്ടികളെ കാർഷിക വൃത്തികൾ പരിചയപ്പെടുത്തുകയും അവരുടെ പോഷകനിലവാരം ഉറപ്പാക്കുകയും ചെയ്യുന്നതിന്റെ പ്രാധാന്യം വിശദീകരിച്ചു. ചടങ്ങിൽ കെ.വി.കെയിലെ സാങ്കേതിക വിദഗ്ദ്ധൻ എം.എസ്. രാജീവ് പച്ചക്കറി കൃഷി രീതികൾ വിശദീകരിച്ചു. പച്ചക്കറി വിത്തുകൾ, തൈകൾ, ഗ്രോബാഗുകൾ, വളങ്ങൾ, കൈപ്പുസ്തകം എന്നിവ അടങ്ങിയ കിറ്റ് എല്ലാ അംഗനവാടികൾക്കും കൈമാറി. തദവസരത്തിൽ കൃഷി വിജ്ഞാന കേന്ദ്രം സാങ്കേതിക വിദഗ്ദ്ധ ശ്രീമതി. ജിസ്സി ജോർജ്ജ്, താമരക്കുളം കൃഷി അസിസ്റ്റന്റ് ശ്രീമതി. രത്നകുമാരി എന്നിവർ സംസാരിച്ചു.

## കൂടുകളിലെ കരിമീൻ കൃഷി വിളവെടുപ്പ് ഉത്സവം

ആലപ്പുഴ ജില്ലാ കൃഷി വിജ്ഞാനകേന്ദ്രത്തിന്റെ നേതൃത്വത്തിൽ ആറാട്ടുപുഴ പഞ്ചായത്തിലെ മംഗലം വാർഡിൽ കായലിൽ വലക്കൂടുകളിൽ നടത്തിയ കരിമീൻ കൃഷിയുടെ വിളവെടുപ്പ് മുതുകുളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ബിപിൻ. സി. ബാബു ഉദ്ഘാടനം ചെയ്തു. ആറാട്ടുപുഴ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി. അജിത, മുതുകുളം ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരായ ശ്രീ. ഷംസുദ്ദീൻ കായിപ്പുറം, ശ്രീമതി. ശാരി പൊടിയൻ, കൃഷി വിജ്ഞാന കേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ എന്നിവർ ചടങ്ങിൽ പങ്കെടുത്ത് ആശംസകൾ അറിയിച്ചു.



ശ്രീ. ബാലചന്ദ്രൻ മേടേപ്പീടികയുടെ നേതൃത്വത്തിൽ അഞ്ചു മത്സ്യ കർഷകർ അടങ്ങിയ ഒരു കൂട്ടായ്മയാണ് കായലിലെ കൂടുമത്സ്യ കൃഷി നടപ്പിലാക്കിയത്. 16 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള വലക്കൂടുകളിൽ ആയിരം കരിമീൻ കുഞ്ഞുങ്ങളെ 2018 ജനുവരിയിലാണ് നിക്ഷേപിച്ചത്. തുടർന്ന് ദിവസവും രണ്ട് നേരം മത്സ്യത്തീറ്റ നൽകി പരിപാലിച്ചു. സാധാരണ കുളങ്ങളിൽ വളർത്തുന്ന മീനുകൾക്ക് 150 ഗ്രാം മാത്രം ഭാരം ലഭിക്കുമ്പോൾ കൂടുമത്സ്യകൃഷിയിൽ 400 ഗ്രാം വരെ തൂക്കമുള്ള മത്സ്യങ്ങൾ ലഭിച്ചു മാത്രവുമല്ല കൂടുകളിൽ 16 ചതുരശ്ര മീറ്ററിൽ ആയിരം മീനുകളെ വളർത്തുമ്പോൾ തുറസ്സായ ജലാശയങ്ങളിൽ അത്രയും സ്ഥലത്ത് 100 മീനുകളെ മാത്രമേ വളർത്താൻ സാധിക്കുകയുള്ളൂ എന്ന് പദ്ധതിയിൽ പങ്കാളികളായ കർഷകർ അഭിപ്രായപ്പെട്ടു. ഒരു കൂടു നിർമ്മിക്കുവാനായി 40000 രൂപയോളം ചിലവാകുമെങ്കിലും ഇവ എട്ട് വർഷം വരെ ഉപയോഗിക്കാവുന്നതാണ്. ശുദ്ധമായ മത്സ്യങ്ങളുടെ കൺമുന്നിലെ വിളവെടുപ്പ് ചടങ്ങിൽ പങ്കെടുത്ത മറ്റ് കർഷകർക്ക് പ്രചോദനമായി.



കൃഷി വിജ്ഞാനകേന്ദ്രം വിജയകരമായി നടപ്പിലാക്കിയ ഈ പദ്ധതി കൂടുതൽ കർഷകരിലേക്ക് വ്യാപിപ്പിക്കുന്നതിനായി മുതുകുളം ബ്ലോക്ക് പഞ്ചായത്തും ആറാട്ടുപുഴ ഗ്രാമപഞ്ചായത്തും സംയുക്തമായി ചേർന്ന് 10 ലക്ഷം രൂപയുടെ ഒരു പദ്ധതി നടപ്പിലാക്കുമെന്നും അതിനു വേണ്ട സാങ്കേതിക സഹായം കൃഷി വിജ്ഞാനകേന്ദ്രത്തിൽ നിന്നും ലഭ്യമാക്കുമെന്നും ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ. ബിപിൻ. സി. ബാബു അറിയിച്ചു.

# കരനെൽകൃഷി കൊയ്ത്തുത്സവം സംഘടിപ്പിച്ചു



വള്ളികുന്നം, താമരക്കുളം പഞ്ചായത്തുകളിലെ തിരഞ്ഞെടുത്ത 20 കർഷകരെ പങ്കാളികളാക്കി നടപ്പിലാക്കിയ "വിതയന്ത്രം ഉപയോഗിച്ചുള്ള കരനെൽ കൃഷി" എന്ന മുൻനിര പ്രദർശന പരിപാടിയുടെ കൊയ്ത്തുത്സവം വള്ളികുന്നം പഞ്ചായത്തിലെ താളീരാടിയിൽ സംഘടിപ്പിച്ചു. ചേറ്റുവിതയ്ക്കുള്ള വിതയന്ത്രം കരനെൽകൃഷിക്ക് അനുയോജ്യമായ രീതിയിൽ മാറ്റിയെടുത്താണ് വിത്തിടാനായി ഉപയോഗിച്ചത്. ഇതുവഴി വിത്തിന്റെ അളവ് അഞ്ചിലൊന്നായി (ഏക്കറിന് 12 കിലോ മാത്രമായി) കുറയ്ക്കാൻ സാധിച്ചു. കേരള കാർഷിക സർവ്വകലാശാലയുടെ പട്ടാമ്പി പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം വികസിപ്പിച്ച കരനെൽകൃഷിക്ക് അനുയോജ്യമായ വൈശാഖ് എന്ന നെല്ലിനമാണ് കൃഷി ചെയ്തത്. വള്ളികുന്നം പത്താം വാർഡ് മെമ്പർ ശ്രീ. പ്രകാശ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ഗ്രാമ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. വിജി പ്രസാദ് വിളവെടുപ്പ് ഉദ്ഘാടനം ചെയ്തു. പഞ്ചായത്തിന്റെ വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി വരും വർഷങ്ങളിൽ കൂടുതൽ കർഷകരെ കരനെൽ കൃഷിയിലേക്ക് എത്തിക്കാൻ മുൻ കൈയ്യെടുക്കുമെന്ന് ശ്രീമതി. വിജി പ്രസാദ് പറഞ്ഞു. കൃഷി വിജ്ഞാനകേന്ദ്രം മേധാവി ഡോ. പി. മുരളീധരൻ കെ.വി.കെ നടപ്പിലാക്കുന്ന വിവിധ പദ്ധതികളെക്കുറിച്ച് വിശദീകരിച്ചു. ഭരണിക്കാവ് ബ്ലോക്ക് പഞ്ചായത്തംഗം ശ്രീമതി. ഗീതാ മധു, വള്ളികുന്നം കൃഷി ഓഫീസർ ശ്രീമതി. ഷാനിതാ ബീഗം, കെ.വി.കെ സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീ. രാജീവ് എം.എസ്, പ്രദർശന പരിപാടിയിൽ പങ്കാളികളായ കർഷകർ തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു. പ്രദേശത്തെ ഏകദേശം 50 ഓളം കർഷകർ കൊയ്ത്തുത്സവത്തിൽ പങ്കെടുത്തു.

# വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ

## പരിശീലന പരിപാടികൾ

കൃഷി വിജ്ഞാന കേന്ദ്രം ഒക്ടോബർ- ഡിസംബർ മാസങ്ങളിലായി 49 പരിശീലന പരിപാടികൾ വിവിധ വിഷയങ്ങളിലായി സംഘടിപ്പിച്ചു. പ്രസ്തുത പരിശീലന പരിപാടികളിൽ 541 പുരുഷന്മാരും 773 സ്ത്രീകളും പങ്കെടുക്കുകയും സാങ്കേതിക വിദ്യകൾ സ്വായത്തമാക്കുകയും ചെയ്തു.

## കാർഷിക പ്രദർശനങ്ങൾ

അസോസിയേഷൻ ഓഫ് ഓണാട്ടുകര ഫാർമേഴ്സ് ക്ലബ്ബ് വിവിധ കാർഷിക - കാർഷികേതര ഏജൻസികളെ ഏകോപിപ്പിച്ചു കൊണ്ട് ചാരുംമൂട് വി.വി.എച്ച്.എസ് ഗ്രൗണ്ടിൽ ഡിസംബർ 22 മുതൽ 25 വരെ സംഘടിപ്പിച്ച കാർഷിക പ്രദർശനത്തിൽ കൃഷി വിജ്ഞാന കേന്ദ്രം പങ്കെടുത്തു.

കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും ICAR ന്റെയും സംയുക്ത ആഭിമുഖ്യത്തിൽ തൃശ്ശൂരിൽ ഡിസംബർ 27 മുതൽ 30 വരെ സംഘടിപ്പിച്ച വൈഗ-കൃഷി ഉന്നതിമേള കാർഷിക പ്രദർശനത്തിൽ കൃഷി വിജ്ഞാനകേന്ദ്രം പങ്കെടുത്തു. മേളയോടനുബന്ധിച്ച് നടന്ന കാർഷിക സെമിനാറിൽ "പച്ചക്കറി വിളകളുടെ മൂല്യവർദ്ധനവ്" എന്ന വിഷയത്തിൽ കെ.വി.കെ സബ്ജക്റ്റ് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി. ജിസ്സി ജോർജ്ജ് വിഷയാവതരണം നടത്തി.




## ലേഖനങ്ങൾ – പ്രസിദ്ധീകരണങ്ങൾ

1. ജിസ്സി ജോർജ്ജ് 2018 : ഏത്തയ്ക്കാപ്പൊടിയും പഴംഉണക്കിയതും. കർഷകശ്രീ 24(10) : 89 - 90
2. ജിസ്സി ജോർജ്ജ് 2018 : വിപണിയിൽ പ്രിയങ്കരം നെല്ലിക്ക ഉൽപ്പന്നങ്ങൾ. കർഷകശ്രീ 24(11) : 90
3. കെ. സജ്നനാഥ്, പി. മുരളീധരൻ 2018 : പാഴ്വസ്തുക്കളിൽനിന്നും ജൈവവളമുണ്ടാക്കാം. കൃഷിജാഗരൺ 2(11) : 50 - 51
4. ജി. ലേഖ, പി. മുരളീധരൻ 2018 : വാട്ടരോഗം ചെറുക്കാൻ തക്കാളി ഗ്രാഫ്റ്റ് തൈകൾ. കർഷകശ്രീ 24(12) : 32
5. എസ്. രവി, പി. മുരളീധരൻ 2018 : കാലിത്തീറ്റയ്ക്കായി പയർകൃഷി. കർഷകശ്രീ 24(12) : 133
6. ജിസ്സി ജോർജ്ജ് 2018 : സംരംഭകർക്കായി ഇൻക്യുബേഷൻ കേന്ദ്രങ്ങൾ. കർഷകശ്രീ 24(12) : 145 - 146
7. ടി. ശിവകുമാർ 2018 : മണ്ണിനും മനുഷ്യനും ശീമക്കൊന്ന. കർഷകൻ 26 (12) : 46

## റേഡിയോ പരിപാടികൾ

(ആകാശവാണി, വയലും വീടും)

| വിഷയം | വ്യക്തി | തീയതി |
|---|---|---|
| പ്രളയശേഷം മണ്ണിനുണ്ടായ മാറ്റവും മണ്ണ് പരിപോഷണവും | ഡോ. പി. മുരളീധരൻ | 2018 ഒക്ടോബർ 03 |
| തെങ്ങിന്റെ ഉത്പാദന ക്ഷമതയ്ക്കും രോഗ പ്രതിരോധത്തിനും ബോറോണിന്റെ പ്രാധാന്യം | ഡോ. കെ. സജ്നാനാഥ് | 2018 ഒക്ടോബർ 15 |
| പച്ചക്കറികളിലെ ജൈവകീട നിയന്ത്രണം | ജി. ലേഖ | 2018 ഡിസംബർ 12 |
| പപ്പായയുടെ ഔഷധ ഗുണങ്ങളും മൂല്യവർദ്ധിത ഉൽപന്നങ്ങളും | ജിസ്സി ജോർജ്ജ് | 2018 ഡിസംബർ 30 |

## ടെലിവിഷൻ പരിപാടികൾ

1. വിള സംസ്കരണ ഉത്പാദന ശാല - ദൂരദർശൻ ഡോക്യുമെന്ററി - കൃഷിദർശൻ - ഡിസംബർ 3
2. മൂല്യവർദ്ധന സംരംഭകരിലും - ദൂരദർശൻ ഡോക്യുമെന്ററി - കൃഷിദർശൻ - ഡിസംബർ 11

Printed & Published by: **Dr. (Mrs.) Anitha Karun**, Director, CPCRI, Kasaragod; Co-ordination & Editing: **Dr. P. Muralidharan**, Principal Scientist & Head
Compilation, Design & Layout : Rajeev M.S; Technical Inputs: Dr. K. Sajnanath, Jissy George, Dr. S. Ravi, Dr. T. Sivakumar & Lekha G.
Technical Assistance: Ansary K.M., Bijila P.V., Nithya K.R & Anju K.A.; Photos: KVK Staff